**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം-ഏറ്റുമാനൂർ റേഞ്ച് ക്രൈം നമ്പർ.27/2020-ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-5-AU-8047 HYUNDAI I-20 കാർ (2019 Model) കുടുംബശ്രീ മിഷൻ ഓഫീസിനുവേണ്ടി സൗജന്യമായി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.628/2025/TAXES** **തീയതി,തിരുവനന്തപുരം, 03-07-2025**

---

പരാമർശം:-
1. 23.05.2024-ലെ സ.ഉ.(സാധാ)നം.22/2024/TAXES.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.06.2025-ലെ KSHO/1066/2025-C നമ്പർ കത്ത്
3. എക്സൈസ് കമ്മീഷണറുടെ 28.06.2025-ലെ ഇ.എക്സ്.സി/3266/2025 -എക്സ്.ജി1.ബി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീ സംസ്ഥാന മിഷന്റെ വാഹനമായ KL-01-AY-4586 ഇന്നോവ കാർ 15 വർഷം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ഇല്ലാത്തതിനാൽ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും, അതിനാൽ എക്സൈസ് വകുപ്പിൽ നിന്ന് കുടുംബശ്രീ സംസ്ഥാന മിഷനുവേണ്ടി ഒരു വാഹനം അനുവദിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. ഏറ്റുമാനൂർ റേഞ്ച് ക്രൈം നമ്പർ.27/2020-ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-5-AU-8047 HYUNDAI I-20 കാർ (2019 Model) കുടുംബശ്രീ മിഷനുവേണ്ടി സൗജന്യമായി അനുവദിക്കുന്നതിനായി പരാമർശം (3)പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറ്റുമാനൂർ റേഞ്ച് ക്രൈം നമ്പർ.27/2020-ൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-5-AU-8047 HYUNDAI I-20 കാർ (2019 Model) കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം കുടുംബശ്രീ മിഷൻ ഓഫീസിനു വേണ്ടി സൗജന്യമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ് -ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം.

4.തദ്ദേശസ്വയംഭരണ (ഐ.എ )വകുപ്പ്(LSGD-IA1/195/2025-LSGD ).

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി(F3/242/2025/Taxes)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
Date: 03-07-2025 15:47:52

സെക്ഷൻ ഓഫീസർ